**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **12-02-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2011-16-കാലഘട്ടത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടും ധൂർത്തും, കെടുകാര്യസ്ഥതയും നിലനിന്നിരുന്നതായും അംഗങ്ങളും സെക്രട്ടറിയും അതിന് കൂട്ടു നിന്നിരുന്നു എന്നുമുള്ള പ്രസ്തുത കാലഘട്ടത്തെ പി.എസ്.സി. പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്നത്തെ ധനകാര്യ അഡീഷണൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്ന വിവരങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സാമ്പത്തിക ക്രമക്കേടുകളിൽ അന്നത്തെ ചെയർമാനും ഉത്തരവാദിത്തമുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഇത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയോട് അഭ്യർത്ഥിക്കാമെന്ന ശിപാർശ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു.<br><br>പ്രസ്തുത റിപ്പോർട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തിരുന്നു. കമ്മീഷനിൽ സ്പെഷ്യൽ ഓഡിറ്റ് നടത്താൻ അക്കൗണ്ടന്റ് ജനറലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. |
| (ബി) | 2016 മുതൽ സംസ്ഥാനത്ത് ഇതുവരെ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2016 മുതൽ 2023 ഡിസംബർ വരെ ആകെ **248137** ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | 73372 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |
| (ഡി) | പി.എസ്.സി. നിയമനം വേഗത്തിലും സുതാര്യതയിലും നടത്തുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ? | (ഡി) | 2016 മുതൽ പി.എസ്.സി.യിൽ നടത്തിവരുന്ന നവീകരണ ആധുനികവത്കരണ പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ്.<br><br>1. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി e-vacancy software സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>2. പരീക്ഷാ കലണ്ടർ മൂന്ന് മാസം മുൻപ് മുൻകൂറായി വെബ്സൈറ്റിൽ അപ്-ലോഡ് ചെയ്തുവരുന്നു. പരീക്ഷ എഴുതുമെന്ന് ഉറപ്പുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും പ്രൊഫൈൽ മുഖേന കൺഫർമേഷൻ സ്വീകരിച്ച ശേഷം മാത്രം പരീക്ഷയ്ക്ക് അഡ്മിറ്റ് കാർഡ് പ്രൊഫൈൽ മുഖേന ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നു. |

3. തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച് കഴിവതും ഒരു വർഷത്തിനകം പരീക്ഷ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. യൂണിഫോംഡ് തസ്തികകൾക്ക് വാർഷിക സെലക്ഷൻ നടത്തി വരുന്നു.

4. വാർഷിക പരീക്ഷാ കലണ്ടർ പ്രഖ്യാപിക്കുന്നതിലൂടെ ഉദ്യോഗാർത്ഥികൾക്ക് വളരെ നേരത്തെ തന്നെ പരീക്ഷകൾക്കായി തയ്യാറാകാൻ കഴിയുന്നുണ്ട്.

5. അപേക്ഷകളുടെ എണ്ണം കൂടി കണക്കിലെടുത്ത് ചില തസ്തികകൾക്ക് ഓൺലൈൻ പരീക്ഷ നടത്തി വരുന്നു. ഇത്തരം തസ്തികകളിൽ അതിവേഗം മൂല്യനിർണ്ണയം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിയ്ക്കുവാൻ കഴിയുന്നു.

6. പ്രൊവിഷണൽ ഉത്തരസൂചിക സംബന്ധിച്ച ആക്ഷേപങ്ങളും ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ മുഖേന നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

7. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനായി 'Exam Management Software' കമ്മീഷൻ വികസിപ്പിച്ചിട്ടുണ്ട്.

8. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി വ്യക്തമായി തിരിച്ചറിയുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. റാങ്ക് പട്ടികകളിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിനായി 'e-Rotation' സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. നിയമന ശിപാർശകളുടെ സോഫ്റ്റ് കോപ്പി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കി വരുന്നു.

10. റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച ശേഷം ഉത്തരക്കടലാസുകളുടെ പകർപ്പ്, പുന:പരിശോധന എന്നിവയ്ക്കായി ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിയ്ക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

**11. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമന പരിത്യാഗ അപേക്ഷകൾ സമർപ്പിച്ചാൽ ആയത് ലഭ്യമായ വിവരം അറിയിച്ചു കൊണ്ട് ബന്ധപ്പെട്ട ഉദ്യോഗാർത്ഥി കൾക്ക് പ്രൊഫൈൽ മുഖാന്തിരം അറിയിപ്പ് നൽകുന്നു.**

സെക്ഷൻ ഓഫീസർ